തിരുവല്ല: രാഷ്ട്ര പുനർനിർമാണത്തിനുള്ള പ്രവർത്തനങ്ങൾ യുവജനങ്ങൾ നടത്തുമ്പോൾ അതിലൂടെ പ്രതിഫലിക്കുന്നത് സഭയുടെ മുഖമാണെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റ് ഗ്ലോബൽ മീറ്റ് 2009 തിരുവല്ല ബോധനയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രതിസന്ധികളുടെ പേരിൽ അടിസ്ഥാന സമീപനങ്ങളിൽ മായം ചേർക്കുന്നത് ഭീരുത്വമാണെന്നു കാതോലിക്കാ ബാവ പറഞ്ഞു. സഭയുടെ മുഖം ലോകത്തിനു വെളിപ്പെടേണ്ടത് യുവജനങ്ങളിലൂടെയാകണം. വിശ്വാസത്തിൽ അധിഷ്ഠിതമായ യുവജനസമൂഹം ലോകത്തിനു നന്മ ചെയ്യുന്നതിലൂടെ ക്രിസ്തുവിന്റെ മറന്നതോ മറച്ചതോ ആയ മുഖമാണ് തിരിച്ചറിയുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ദേശീയ വൈസ് പ്രസിഡന്റ് ജോർജ് മലയിൽ അധ്യക്ഷത വഹിച്ചു. ക്രൈസ്തവ കാഹളം എഡിറ്റർ ഫാ.ദാനിയേൽ പൂവണ്ണത്തിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വികാരി ജനറാൾ ഫാ.ആന്റണി കാക്കനാട്ട്, ദേശീയ സമിതി ഡയറക്ടർ ഫാ.തോമസ് കൈയ്യാലയ്ക്കൽ, ദേശീയ ജനറൽ സെക്രട്ടറി എബി പോൾ, ഷിബു മാത്യു, ഫാ.രഞ്ജിത് മഠത്തിറമ്പിൽ, പ്രശാന്ത് വി.കുര്യൻ, ടിറ്റു തോമസ്, റീന എലിസബേത്ത് എന്നിവർ പ്രസംഗിച്ചു.

യുവജനം നേരിടുന്ന കാലിക പ്രതിസന്ധിയും പരിഹാര മാർഗവും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് എജി പാറപ്പാട്ട്, മുൻ സംസ്ഥാന പ്രസിഡന്റുമാരായ പ്രഫ.ജേക്കബ് എം.ഏബ്രഹാം, ഫിലിപ്പ് നൈനാൻ, ഷിബു വർഗീസ്, പി.സി ജോർജ്, അഡ്വ.ഏബ്രഹാം പത്യാനി എന്നിവർ പങ്കെടുത്തു. ബത്തേരി രൂപതാധ്യക്ഷൻ ഫാ.വർഗീസ് വെള്ളാവൂർ മോഡറേറ്ററായിരുന്നു.